(ബി) വളരെ പഴക്കമുള്ള ഈ മെഡിക്കൽ കൗൺസിൽ പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇന്ന് നിലവിലുള്ളത് തിരു:കൊച്ചി മെഡിക്കൽ കൗൺസിലാണ്. അതിന് കേരളമൊട്ടാകെ പ്രാതിനിധ്യമില്ല.

(ബി) 1953-ൽ രൂപീകൃതമായ ഈ കൗൺസിൽ പുന:സംഘടിപ്പിക്കാൻ തിരു: കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ വ്യവസ്ഥയില്ല. കേരളമൊട്ടാകെ ബാധകമായ കേരളാ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നിയമമാക്കുന്നതോടുകൂടി കൗൺസിൽ പുന:സംഘടിപ്പിക്കാൻ സാധിക്കുന്നതാണ്.

ഡെൻറൽ കോളേജുകൾ

1207 [1931] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡെൻറൽ കോളേജുകളുണ്ട്; എവിടെയെല്ലാം;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡെൻറൽ വിംഗ് പ്രവർത്തിക്കുന്നുണ്ടോ:

(സി) ഇൻഡ്യാ ഗവൺമെൻറ് 1946-ൽ നിയോഗിച്ച Bhore കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഡെൻറൽ സർജൻമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി. ഡി. എസ്. കോഴ്സ് ആരംഭിക്കാതിരിക്കുന്നതിൻെറ കാരണം വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഡെൻറൽ കോളേജിൽ എത്രപേർക്ക് ബി. ഡി. എസ്. കോഴ്സിന് പഠിക്കാനുള്ള സൗകര്യമുണ്ട്;

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതുതായി ഉപകരണങ്ങളും മറ്റു സജ്ജീകരണങ്ങളും ഏർപ്പെടുത്തി സീറ്റ് വർദ്ധിപ്പിക്കുന്നതിനുപകരം കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള ഡെൻറൽ വിംഗ് വിപുലീകരിച്ച് അവിടെയൊരു ഡെൻറൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഒരു ഡെൻറൽ കോളേജ് മാത്രമേ കേരള സംസ്ഥാനത്തുള്ളു.

(ബി) ഉണ്ട്.

(സി) ഇൻഡ്യാ ഗവൺമെൻറ് 1946-ൽനിയമിച്ച Bhore കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

(1) ഇൻഡ്യാ ഗവൺമെൻറിനുവേണ്ടി നീക്കിവെച്ചിരുന്ന പ്രവേശകരുടെ എണ്ണം പതിനഞ്ചിൽനിന്നും രണ്ടാക്കി കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(2) 1978-79 അധ്യയന വർഷം മുതൽ ഡെന്റൽ കോളേജിലെ പ്രവേശകരുടെ എണ്ണം 30-ൽ നിന്നും 40 ആക്കി ഉയർത്തി.

(ഡി) ഒരു ഡെന്റൽ കോളേജ് കൂടി സ്ഥാപിക്കുക എന്നത് വളരെ അധിക സാമ്പത്തികഭാരം ഉളവാക്കുന്ന ഒന്നാണ്. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഒരു ഡെന്റൽ കോളേജ് മാത്രമേയുള്ളുവെന്നതും പ്രസ്താവ്യമാണ്.

(ഇ) നാൽപത് വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ട്.

(എഫ്) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

വൈക്കം ഗവൺമെന്റ് ആശുപത്രിയിലെ ഡെന്റൽ ചെയർ

1208 [1932] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ഗവൺമെന്റ് ആശുപത്രിയിലെ ഡെന്റൽ ചെയർ കേടായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഉടനെ നന്നാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു വിദേശ നിർമ്മിതമാകയാൽ സ്പെയർ പാർട്ടുകൾ കിട്ടുവാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും നന്നാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തീരദേശ വില്ലേജുകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

1209 [1933] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ വില്ലേജുകളിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) അവയുടെ വികസനത്തിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിക്കുന്നുണ്ടോ;

(സി) തീരദേശ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ വിഴിഞ്ഞം, പൂവ്വാർ, പുല്ലുവിള എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 37 എണ്ണം.

(ബി) ആരോഗ്യവകുപ്പിൽ നിന്നും പ്രത്യേക പരിപാടിയൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തീരദേശത്തുള്ള മൽസ്യത്തൊഴിലാളികളുടെ സൗകര്യത്തിനായി 1972-ൽ 19 ഗ്രാമീണ വൈദ്യസഹായ

LIBRARY ARCHIVES Kerala Legislative Assembly